പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം

നം. 4126

03.02.2014- ലെ മറുപടിക്ക്

## ഹോട്ടലുകളിലെ ശുചിത്വവും ഗുണനിലവാരവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഹംസ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്തെ ഹോട്ടലുകളിൽ ശുചിത്വമുള്ളതും ഗുണനിലവാരമുള്ളതുമായ ഭക്ഷണം ലഭ്യമാവുന്നു എന്നുറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | എ) | 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം സംസ്ഥാനത്തെ ഹോട്ടലുകളിലും ക്യാന്റീനുകളിലും ഡെസിഗ്നേറ്റഡ് ഓഫീസർമാർ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി നിയമപ്രകാരമുള്ള കോമ്പൗണ്ടിംഗ് ചെയ്തുവരുന്നു. സംസ്ഥാനവ്യാപകമായി നടത്തിയ അത്തരം പരിശോധനയിൽ 3565 സ്ഥാപനങ്ങൾ പരിശോധിക്കുകയും 1985 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, 107 സ്ഥാപനങ്ങൾക്ക് അടച്ചുപൂട്ടാൻ നിർദ്ദേശം നൽകുകയും ചെയ്തു. 27,50,000/- രൂപ കോമ്പൗണ്ട് ചെയ്യുകയും, 3 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രവർത്തനം നിഷേധിച്ച ഹോട്ടലുകളിൽ മൾട്ടി ഡിസിപ്ലിനറി കമ്മിറ്റി പരിശോധന നടത്തിയശേഷം മാത്രമേ തുറന്നു പ്രവർത്തിക്കാൻ അനുവാദം നൽകിയിട്ടുള്ളൂ. |
| ബി) | ഹോട്ടൽ ഭക്ഷണത്തിൽ നിന്നും ഭക്ഷ്യ വിഷബാധയേറ്റ് സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടിട്ടുണ്ട്. 01.07.2011 മുതൽ 30.11.2013 വരെയുള്ള കണക്ക് ലഭ്യമാക്കാമോ; | ബി) | സംസ്ഥാനത്ത് ഒരാൾ ഭക്ഷ്യവിഷബാധയേറ്റ് മരണപ്പെട്ടിട്ടുണ്ട്. |
| സി) | സംസ്ഥാനത്തെ ഹോട്ടലുകൾ വൃത്തിയും വെടിപ്പുമുള്ളതായി സൂക്ഷിക്കുന്നതിനും ഗുണനിലവാരമുള്ള ഭക്ഷണം നൽകുന്നു എന്നുറപ്പു വരുത്തുന്നതിനുമായി ഫുഡ്സേഫ്റ്റി വകുപ്പ് ഉദ്യോഗസ്ഥൻമാർ ഓരോ ജില്ലയിലും എന്തെല്ലാം നടപടി സ്വീകരിച്ചു; എത്ര ഭക്ഷണശാലകളിൽ പരിശോധനകൾ നടത്തി; എത്ര കേസ്സുകൾ കണ്ടെത്തി എത്ര ഹാട്ടലുകൾ പൂട്ടിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | സി) | ചോദ്യത്തിന്റെ എ പിരിവിൽ വിവരിച്ച പ്രകാരം വിപുലമായ റെയ്ഡുകളും പരിശോധനകളും നടത്തി വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| District | Inspection | Notice | Fine | Closure | Procecution |
|---|---|---|---|---|---|
| Thiruvananthapu ram | 570 | 430 | 609500 | 21 | |
| Kollam | 130 | 73 | 24000 | 15 | |
| Pathanamthitta | 210 | 115 | 211000 | 7 | |
| Alappuzha | 332 | 188 | 42000 | 6 | |
| Kottayam | 236 | 100 | 48000 | 4 | |
| Idukki | 420 | 150 | 71500 | 20 | |
| Ernakulam | 260 | 140 | 119500 | 7 | |
| Thrissur | 358 | 161 | 203500 | 13 | |
| Malappuram | 326 | 156 | 618500 | | |
| Palakkad | 189 | 117 | 305000 | 14 | |
| Kozhikode | 338 | 148 | 125000 | | 3 |
| Wayanad | 400 | 135 | 175500 | | |
| Kannur | 72 | 40 | 111000 | | |
| Kasargode | 50 | 32 | 91000 | | |
| Total | 3565 | 1985 | 2755000 | 107 | 3 |

സെക്ഷൻ ഓഫീസർ